

# മടത്തുംപടി സെന്റ് അഗസ്റ്റിൻ ഇടവക

മടത്തുംപടി ദേവാലയചരിത്രം ആരംഭിക്കുന്നത് “പള്ളിക്ക് സ്ഥലം വാങ്ങി കൊടുക്കുകയാണെങ്കിൽ പള്ളിപണിയിച്ചുതരാ”മെന്ന ആലപ്പുഴക്കാരനായ ശ്രീ. പെട്ടിക്കൽ അന്തോണി ആഗസ്തിയുടെ വാഗ്ദാനത്തിൽ നിന്നാണ്. ആലൂക്കൽ റപ്പായി റപ്പായി, മുല്ലപ്പിള്ളി വർക്കി അന്തോണി, പഞ്ഞിക്കാരൻ വർക്കി ഉതുപ്പ് എന്നിവരുടെ നേതൃത്വത്തിൽ സ്ഥലം വാങ്ങാനും പള്ളിപണിയുവാനും ശ്രമം ആരംഭിച്ചു. ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലം ചേന്ദമംഗലത്തെ പറപ്പൂട്ടിൽ മേനോൻമാരുടെ കയ്യിൽനിന്ന് പള്ളിക്കുവേണ്ടി അന്നത്തെ പുത്തൻവേലിക്കര സെന്റ് ജോർജ്ജ് പള്ളി വികാരി റവ. ഫാ. ജോസഫ് ചിറ്റിലപ്പിള്ളിയുടെ (Sr.) നേതൃത്വത്തിലാണ് (1948-55) വാങ്ങിയത്.

## ദേവാലയം

വി. ആഗസ്തിനോസിന്റെ നാമധേയത്തിൽ പെട്ടിക്കൽ അന്തോണി ആഗസ്തിയും നാട്ടുകാരും പണിതുയർത്തിയ ഈ ദേവാലയം 1958 മാർച്ച് 31-ന് അന്നത്തെ തൃശ്ശൂർ മെത്രാനായ റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് ആശീർവദിച്ചു. അതിനുശേഷം അന്നത്തെ പുത്തൻവേലിക്കര വികാരി റവ. ഫാ. ജോർജ്ജ് ചിറമ്മൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഇവിടെ ദിവ്യബലി അർപ്പിച്ചുതുടങ്ങി. 1958-61 കാലഘട്ടത്തിൽ തെക്കൻതാണിശ്ശേരി പള്ളിവികാരി റവ. ഫാ. ജോസഫ് പറനിലം നടത്തുവികാരിയായിരുന്നപ്പോഴാണ് സിമിത്തേരി നിർമ്മാണവും തെങ്ങ് വെച്ചുപിടിപ്പിക്കാനുള്ള പ്രവർത്തനവും നടന്നത്.

## ഇടവക

1962-64 കാലഘട്ടത്തിൽ അന്നത്തെ താണിശ്ശേരി പള്ളി വികാരിയായിരുന്ന ബഹു. ജോൺ ചെറുനിലം അച്ചന്റെ ശ്രമഫലമായി 1963 സെപ്തംബർ 8-ാം തിയ്യതി മടത്തുംപടി ഒരു ഇടവകയായി ഉയർത്തപ്പെട്ടു. 1965 ഏപ്രിൽ 11-ാം തിയ്യതി ഇടവക മദ്ധ്യസ്ഥനോടുള്ള ഭക്തി വളർത്തുന്നതിനായി തൃശ്ശൂർ രൂപതാദ്ധ്യക്ഷന്റെ കല്പനപ്രകാരം ഇവിടെ വി. ആഗസ്തിനോസിന്റെ ദർശനസഭയ്ക്ക് രൂപം

നല്കി. പിന്നീട്, പുത്തൻവേലി ഉണ്ണിമിശിഹാ പള്ളിയിലെ ബഹു. വികാരിമാരാണ് ഇവിടേയും വികാരിമാരായി നിയമിതരായത്.

1971 മേയ് 12-ന് ശക്തമായ മഴയും ഇടിമിന്നലും ഏറ്റ് ഇടിഞ്ഞുവീണ പള്ളിയുടെ മുഖവാരവും നടപ്പുരയും റവ. ഫാ. സിറിയക് വടക്കന്റെ കാലത്താണ് പുനർനിർമ്മിച്ചത്.

## സ്ഥിരം വികാരി

തുടർന്ന്, വികാരിയായിവന്ന റവ. ഫാ. തോമസ് താടിക്കാരന്റെ (1978 ഒക്ടോബർ-79 ജൂൺ) ശ്രമവും ഇടവകക്കാരുടെ നിരന്തരമായ അഭ്യർത്ഥനയും പരിഗണിച്ച് 1979 മെയ് മാസത്തിൽ സ്ഥിരതാമസമുള്ള വികാരിയായി റവ. ഫാ. വിത്സൻ മംഗലൻ നിയമിതനായി. അന്നത്തെ താമസസൗകര്യം പരിമിതമായിരുന്നു.

## തൊഴിൽ പരിശീലനം (മാവെൽസ്)

സ്ഥിരതാമസമുള്ള വികാരി റവ. ഫാ. വിത്സൻ മംഗലന്റെ (1979 മെയ്-1981 ഡിസംബർ) കാലഘട്ടത്തിൽ ആരംഭിച്ച മാവെൽസ് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടും, തയ്യൽ പരിശീലനകേന്ദ്രവും (Madathumpady Welfare Society) ഇടവകയിലും അയൽ പ്രദേശങ്ങളിലുമുള്ള നാനാജാതി മതസ്ഥർക്ക് സർക്കാർ ജോലി ലഭിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വളരെ സഹായകരമായിരുന്നു.

വിവാഹസഹായ ലഘുനിക്ഷേപ പദ്ധതി ആരംഭിച്ചത് ഇക്കാലത്താണ്. മരണാവശ്യത്തിന് സഹായം നല്കുന്ന സംഘങ്ങളും ആരംഭിച്ചു. തുടർന്ന് വികാരിയായ വന്ന റവ. ഫാ. ജോയ് കടമ്പാട്ടിന്റെ കാലഘട്ടത്തിൽ സിമിത്തേരി 1984-ൽ പുതുക്കിപ്പണിതു.

## വൈദികമന്ദിരം



വൈദിക മന്ദിരം

റവ. ഫാ. പോൾ എ. അമ്പൂക്കന്റെ കാലത്താണ് പുതിയ വൈദികമന്ദിരം നിർമ്മിച്ചത്. ഇടവകയുടെ രജത ജൂബിലി ആഘോഷിച്ചതും ഇക്കാലയളവിലാണ് (1987 ഡിസംബർ). റവ. ഫാ. ജോൺ കവലക്കാട്ടിന്റെ കാലത്താണ് ഇടവകയിൽ സ്റ്റേജും, പള്ളിക്ക് ചുറ്റുമതിലും നിർമ്മിച്ചത്.

## കോൺവെന്റ്



ട്രിനിറ്റി കോൺവെന്റ് സി.എസ്.സി.

പള്ളിപ്പറമ്പിൽ നിന്ന് ഒന്നര ഏക്കർ സ്ഥലം വാങ്ങി ഇടവകയിലെ ശുശ്രൂഷക്കായി 1992-ൽ ഹോളി ട്രിനിറ്റി മഠം (ചാരിറ്റി കോൺഗ്രിഗേഷൻ) സ്ഥാപിച്ചു.

## കപ്പേളകൾ



സെന്റ് മേരീസ് കപ്പേള



സെന്റ് തോമസ് കപ്പേള

റവ. ഫാ. സജി പൊന്മിനിശ്ശേരി പുതിയ ദേവാലയ നിർമ്മാണത്തിനുള്ള ഫണ്ട് ശേഖരണം തുടങ്ങി. സെന്റ് തോമസ് കപ്പേള തിരുത്ത, സെന്റ് മേരീസ് കപ്പേള, ചക്കാട്ടിക്കുന്ന് എന്നിവ പണികഴിപ്പിച്ചു.

## ദേവാലയപുനർനിർമ്മാണം

റവ. ഫാ. സെബി നടവരമ്പന്റെ നേതൃത്വത്തിൽ 2007 ആഗസ്റ്റ് 26-ന് പുതിയ ദേവാലയത്തിന് അടിസ്ഥാനശില വെഞ്ചിരിപ്പ് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് നടത്തി. അന്നേദിവസം കുടുംബ സമ്മേളന കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച പാരിഷ് ബുള്ളറ്റിൻ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. മനോഹരമായി പുതുക്കിപണിത സിമിത്തേരി 2008 മാർച്ച് 3-ന് അഭിവന്ദ്യ ജെയിംസ്



മതബോധന ഹാൾ

പഴയാറ്റിൽ പിതാവ് ആശീർവദിക്കുകയും പുതിയ ദേവാലയത്തിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

## സാമൂഹ്യപ്രവർത്തനം

മടത്തുംപടിയുടെ കാർഷികവളർച്ചയിൽ സുപ്രധാന പങ്കുവഹിക്കുന്ന, KESS (കെസ്സ്) -ന്റെ സഹകരണത്തോടെ വർഷങ്ങളായി നടത്തപ്പെടുന്ന തൈഗ്രാമ വികസന സംഘത്തിന് 17¼ സെന്റ് സ്ഥലം പള്ളി സംഭാവനയായി നല്കി. വികാരിയാണ് എക്കാലവും സംഘത്തിന്റെ പ്രൊമോട്ടർ. പഞ്ചായത്ത് കിണറിനും, ബാലവാടിക്കും സ്ഥലം നല്കിയതും, ബാലവാടിക്കുള്ള കെട്ടിടം നിർമ്മിച്ചതും ഇടവകയുടെ നേതൃത്വത്തിലാണ്.

സെന്റ് അഗസ്റ്റിൻ ചാരിറ്റബിൾട്രസ്റ്റ് 2009-ൽ രൂപികരിച്ചു. 5% ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നീക്കിവെക്കുന്നു.